**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1296** **03-02-2026 - ൽ മറുപടിയ്ക്ക്**

**മലയോര ഹൈവേ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മലയോര ഹൈവേ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലവരെ നീളുന്ന മലയോര ഹൈവേ 1179.45 കി.മീ. നീളത്തിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിൽ വിവിധ പദ്ധതികളിലായി 476.16 കി.മീ. മലയോര ഹൈവേ പൂർത്തിയാക്കിയിട്ടുണ്ട്. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി GO(Rt)No.942/2017/PWD തീയതി 10/07/2017 പ്രകാരം 3500 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകി. 55 റീച്ചുകളിലായി കിഫ്ബി മാനദണ്ഡപ്രകാരം 12 മീറ്റർ വീതിയിൽ റോഡ് വികസനത്തിന് ആവശ്യമായ സ്ഥലം പൊതുജനങ്ങളിൽ നിന്ന് സൗജന്യമായി ലഭ്യമാക്കി DBM & BC നിലവാരത്തിൽ ഡിസൈൻ റോഡ് നിർമിക്കുന്നതിനാണ് മലയോര ഹൈവേ വിഭാവനം ചെയ്തിരിക്കുന്നത്. 793.68 കി. മി റോഡ് പ്രവൃത്തിയാണ് കെ. ആർ. എഫ്. ബി – പി. എം. യു മുഖേന നടപ്പിലാക്കുന്നത്. ഡിപിആർ സമർപ്പിച്ച് മുഴവൻ പദ്ധതിക്കും സാമ്പത്തികാനുമതി ലഭ്യമാക്കിയിട്ടുണ്ട്. 568.25 കി മീ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി. 562.49 കി മീ ടെൻഡർ ചെയ്തിട്ടുണ്ട്. അതിൽ, 527.29 കി മീ പ്രവൃത്തി കരാറിൽ ഏർപ്പെട്ട് ആരംഭിക്കുവാൻ സാധിച്ചു. 214.94 കി. മി. റോഡിന്റെ പ്രവൃത്തി ഇതുവരെ പൂർത്തിയായി. |
| (ബി) | ഇതിനായി എത്ര കോടി രൂപയാണ് സർക്കാർ ചെലവിട്ടത്; വ്യക്തമാക്കാമോ; | (ബി) | ഇതുവരെ 3867.057 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി. ഇതിൽ 1300 കോടി രൂപ പ്രവൃത്തികൾക്കായി ചെലവഴിച്ചിട്ടുണ്ട്. |
| (സി) | പദ്ധതിയുടെ ഭാഗമായി എത്ര റോഡുകളാണ് പൂർത്തീകരിച്ചിട്ടുള്ളത്; | (സി) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ മലയോര ഹൈവേ പദ്ധതിയുടെ ഭാഗമായി ഇതുവരെ പൂർത്തീകരിച്ച നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു. |

തിരുവനന്തപുരം ജില്ല

(i) കള്ളിക്കാട് പാറശ്ശാല - ഒന്നാം ഘട്ടം (15.4 കി.മി)

(ii) കള്ളിക്കാട് പാറശ്ശാല - രണ്ടാം ഘട്ടം (7.45 കി.മി)

(iii) കുടപ്പനമൂട്- വാഴിച്ചൽ (2.75 കി.മി)

(iv) കൊല്ലായിൽ - ചല്ലിമുക്ക് (21.08 കി.മി)

(v) പെരിങ്ങമ്മല - പാലോട് (പാലോട് ബ്രൈമോർ റോഡ് ഓവർലാപ്പ് ചെയ്യുന്നു) (3.5 കി.മി)

കൊല്ലം ജില്ല

(i) കൊല്ലായിൽ (ചല്ലിമുക്ക്) - പുനലൂർ കെ.എസ്.ആർ.ടി.സി (46.1 കി.മി)

ഇടുക്കി ജില്ല

(i) കുട്ടിക്കാനം – ചപ്പാത്ത് (19.0 കി.മി)

(ii) പീരുമേട് - ദേവികുളം - ഒന്നാം ഘട്ടം (12.7 കി.മി)

(iii) പീരുമേട് - ദേവികുളം - രണ്ടാം ഘട്ടം (2.9 കി.മി)

(iv) പീരുമേട് - ദേവികുളം - മൂന്നാം ഘട്ടം (5.45 കി.മി)

തൃശ്ശൂർ ജില്ല

(i) പട്ടിക്കാട് വിളങ്ങന്നൂർ (5.3 കി.മി)

മലപ്പുറം ജില്ല

(i) പൂക്കോട്ടുംപാടം കാളികാവ് - ഒന്നാം ഘട്ടം (8.7 കി.മി)

(ii) പൂക്കോട്ടുംപാടം -മൈലാടി പാലം (10.9 കി. മി.)

കോഴിക്കോട് ജില്ല

(i) കോടഞ്ചേരി - കക്കാടംപൊയിൽ (27.77 കി. മി)

കാസർകോട് ജില്ല

(i) നന്ദാരപ്പടവ് - ചേവാർ (23 കി. മി)

(ii) കോളിച്ചാൽ - ഇടപ്പറമ്പ് (21 കി. മി)

കേരളത്തിൻറെ പശ്ചിമ ഘട്ടങ്ങളിൽ വരുന്ന ജില്ലകളെ ബന്ധിപ്പിക്കുന്നതിനും ടി പ്രദേശത്തിന്റെ സമഗ്രവികസനത്തിനും വേണ്ടിയാണ് മലയോര ഹൈവേ വിഭാവനം ചെയ്തിരിക്കുന്നത്. കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം

| | | | |
|---|---|---|---|
| | | | ജില്ലയിലെ പാറശ്ശാലവരെ നീളുന്ന മലയോര ഹൈവേ പൂർത്തിയാകുന്നതോടെ കേരളത്തിലെ ഏറ്റവും നീളം കൂടിയ ഹൈവേയാകും. 14 ജില്ലകളിൽ ആലപ്പുഴ ജില്ല ഒഴികെ മറ്റ് 13 ജില്ലകളിലൂടെ ഈ ഹൈവേ കടന്നുപോകും. മലയോര ഹൈവേ പൂർത്തിയാക്കുന്നതോടുകൂടി മലയോര മേഖലകളിലേക്ക് ഗതാഗത സംവിധാനം അതിവേഗത്തിലാവുകയും തൽഫലമായി ഒറ്റപ്പെട്ട് കിടക്കുന്ന മലയോര മേഖലകളിലെ സമഗ്ര വികസനം സാധ്യമാവുകയും ചെയ്യുമെന്നാണ് വിഭാവനം ചെയ്യുന്നത്. കൂടാതെ മലഞ്ചരക്കുകൾ വാണിജ്യമേഖലകളിലേക്ക് അതിവേഗം എത്തിക്കുന്നതിനും, ടൂറിസം സംവിധാനങ്ങൾ വർധിപ്പിക്കാനും, കണക്ടിവിറ്റിയും ഗതാഗതവും മെച്ചപ്പെടുത്താനും സഹായകമാകും. കൂടാതെ ഭൂമിയുടെ മൂല്യം വർധിക്കുന്നതിനാൽ ക്രയവിക്രയങ്ങളിലൂടെ ജനങ്ങളുടെ സാമ്പത്തികവും സാമൂഹികവുമായ ഉന്നമനത്തിന് ഉതകും. ഈ പദ്ധതി യാഥാർഥ്യമാകുന്നതോടെ ഹൈറേഞ്ച് പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് ഇത് നൽകുന്ന നേട്ടങ്ങളും മൂല്യവും വളരെ വലുതാണ്. |
| (ഡി) | കേരളത്തിലെ എല്ലാ ജില്ലകളിലേക്കും കണക്ടിവിറ്റി ഉണ്ടാക്കുന്ന തരത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (ഡി) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ മലയോര ഹൈവേ പദ്ധതിയുടെ ഭാഗമായി ഇതുവരെ പൂർത്തീകരിച്ച നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>തിരുവനന്തപുരം ജില്ല<br><br>(i) കള്ളിക്കാട് പാറശ്ശാല - ഒന്നാം ഘട്ടം (15.4 കി.മി)<br><br>(ii) കള്ളിക്കാട് പാറശ്ശാല - രണ്ടാം ഘട്ടം (7.45 കി.മി)<br><br>(iii) കുടപ്പനമൂട്- വാഴിച്ചൽ (2.75 കി.മി)<br><br>(iv) കൊല്ലായിൽ - ചല്ലിമുക്ക് (21.08 കി.മി)<br><br>(v) പെരിങ്ങമ്മല - പാലോട് (പാലോട് ബ്രൈമോർ റോഡ് ഓവർലാപ്പ് ചെയ്യുന്നു) (3.5 കി.മി)<br><br>കൊല്ലം ജില്ല<br><br>(i) കൊല്ലായിൽ (ചല്ലിമുക്ക്) - പുനലൂർ കെ.എസ്.ആർ.ടി.സി (46.1 കി.മി)<br><br>ഇടുക്കി ജില്ല<br><br>(i) കുട്ടിക്കാനം – ചപ്പാത്ത് (19.0 കി.മി)<br><br>(ii) പീരുമേട് - ദേവികുളം - ഒന്നാം ഘട്ടം (12.7 കി.മി) |

(iii) പീരുമേട് - ദേവികുളം - രണ്ടാം ഘട്ടം (2.9 കി.മി)

(iv) പീരുമേട് - ദേവികുളം - മൂന്നാം ഘട്ടം (5.45 കി.മി)

തൃശ്ശൂർ ജില്ല

(i) പട്ടിക്കാട് വിളങ്ങന്നൂർ (5.3 കി.മി)

മലപ്പുറം ജില്ല

(i) പൂക്കോട്ടുംപാടം കാളികാവ് - ഒന്നാം ഘട്ടം (8.7 കി.മി)

(ii) പൂക്കോട്ടുംപാടം -മൈലാടി പാലം (10.9 കി. മി.)

കോഴിക്കോട് ജില്ല

(i) കോടഞ്ചേരി - കക്കാടംപൊയിൽ (27.77 കി. മി)

കാസർകോട് ജില്ല

(i) നന്ദാരപ്പടവ് - ചേവാർ (23 കി. മി)

(ii) കോളിച്ചാൽ - ഇടപ്പറമ്പ് (21 കി. മി)

കേരളത്തിൻറെ പശ്ചിമ ഘട്ടങ്ങളിൽ വരുന്ന ജില്ലകളെ ബന്ധിപ്പിക്കുന്നതിനും ടി പ്രദേശത്തിന്റെ സമഗ്രവികസനത്തിനും വേണ്ടിയാണ് മലയോര ഹൈവേ വിഭാവനം ചെയ്തിരിക്കുന്നത്. കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലവരെ നീളുന്ന മലയോര ഹൈവേ പൂർത്തിയാകുന്നതോടെ കേരളത്തിലെ ഏറ്റവും നീളം കൂടിയ ഹൈവേയാകും. 14 ജില്ലകളിൽ ആലപ്പുഴ ജില്ല ഒഴികെ മറ്റ് 13 ജില്ലകളിലൂടെ ഈ ഹൈവേ കടന്നുപോകും. മലയോര ഹൈവേ പൂർത്തിയാക്കുന്നതോടുകൂടി മലയോര മേഖലകളിലേക്ക് ഗതാഗത സംവിധാനം അതിവേഗത്തിലാവുകയും തൽഫലമായി ഒറ്റപ്പെട്ട് കിടക്കുന്ന മലയോര മേഖലകളിലെ സമഗ്ര വികസനം സാധ്യമാവുകയും ചെയ്യുമെന്നാണ് വിഭാവനം ചെയ്യുന്നത്. കൂടാതെ മലഞ്ചരക്കുകൾ വാണിജ്യമേഖലകളിലേക്ക് അതിവേഗം എത്തിക്കുന്നതിനും, ടൂറിസം സംവിധാനങ്ങൾ വർധിപ്പിക്കാനും, കണക്ടിവിറ്റിയും ഗതാഗതവും മെച്ചപ്പെടുത്താനും സഹായകമാകും. കൂടാതെ ഭൂമിയുടെ മൂല്യം വർധിക്കുന്നതിനാൽ ക്രയവിക്രയങ്ങളിലൂടെ ജനങ്ങളുടെ സാമ്പത്തികവും സാമൂഹികവുമായ ഉന്നമനത്തിന് ഉതകും. ഈ പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ ഹൈറേഞ്ച് പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് ഇത് നൽകുന്ന നേട്ടങ്ങളും മൂല്യവും വളരെ വലുതാണ്.

സെക്ഷൻ ഓഫീസർ